LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ സഹായമായി വിതരണം ചെയ്ത തുക

125 (1088) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കഴിഞ്ഞ 4 വർഷക്കാലം ചികിത്സാസഹായ ധനമായി എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത ചികിത്സാ സഹായം എത്ര പേർക്ക് ലഭ്യമാക്കി എന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ചികിത്സാനിധിയിൽ നിന്നും അരൂർ മണ്ഡലത്തിലെ എസ്സി./എസ്ടി. വിഭാഗങ്ങൾക്കുള്ള ധനസഹായം

126 (1089) ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ മണ്ഡലത്തിൽ 2006 മേയ് മുതൽ പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നും എസ്സി./എസ്ടി. വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

അരൂർ മണ്ഡലത്തിൽ 2006 മേയ് മാസം മുതൽ പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 388 പേർക്ക് ആകെ 21,91,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള എണ്ണവും തുകയും ചുവടെ ചേർക്കുന്നു:

വർഷം	അപേക്ഷകൾ	തുക
2006-07	14	75,000
2007-08	31	2,42,000
2008-09	108	6,43,100
2009-10	151	9,08,400
2010-11	84	3,22,500
ആകെ	388	21,91,000

വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2006 മേയ് മുതൽ 2011 ജനുവരി 31 വരെ അരൂർ നിയോജക മണ്ഡലത്തിലെ 53 (അൻപത്തിമൂന്ന്) പട്ടികവർഗ്ഗക്കാർക്കായി 1,67,000 രൂപ (ഒരു ലക്ഷത്തി അറുപത്തി ഏഴായിരം രൂപാ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പട്ടികജാതി/വർഗ്ഗക്കാർക്കുള്ള ചികിത്സാ സഹായം

127 (1090) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കായി എത്ര ലക്ഷം രൂപയുടെ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചും മണ്ഡലം തിരിച്ചും വ്യക്തമാക്കുമോ ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ല (മണ്ഡലം തിരിച്ചുള്ള കണക്ക്):

ഹോസ്ദുർഗ്	18,10,040 രൂപ
ഉദുമ	6,41,500 രൂപ
മഞ്ചേശ്വരം	69,500 രൂപ
തൃക്കരിപ്പൂർ	9,07,500 രൂപ
കാസർഗോഡ്	1,07,000 രൂപ
ആകെ	35,35,540 രൂപ

പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ:

ബ്ലാൽ	7,01,000 രൂപ
ബെഡഡുക്ക	2,01,000 രൂപ
കുറ്റിക്കോൽ	1,59,000 രൂപ
പൈവളിഗെ	30,000 രൂപ
എൻമകജെ	12,500 രൂപ
പള്ളിക്കര	81,000 രൂപ
അജാനൂർ	44,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly